# മഹാത്മാഗാന്ധി സർവകലാശാല

നം:27590/EN 1/3/2019

പ്രിയദർശിനി ഹിൽസ്, തീയതി:14/08/2019

**പരിപത്രം**

**വിഷയം:** 2019 സെപ്റ്റംബർ മുതൽ 2020 ഏപ്രിൽ വരെ സർവകലാശാല നടത്തുന്ന വിവിധ മൂല്യ നിർണയ ക്യാമ്പുകളുടെ ചുമതല വഹിക്കുവാൻ സന്നദ്ധരായ സർവകലാശാലാ ജീവനക്കാരിൽ നിന്നും സമ്മതപത്രം ക്ഷണിക്കുന്നത് സംബന്ധിച്ച്-

2019 സെപ്റ്റംബർ മുതൽ 2020 ഏപ്രിൽ വരെ സർവകലാശാല നടത്തുന്ന വിവിധ മൂല്യ നിർണയ ക്യാമ്പുകളുടെ ചുമതല വഹിക്കുവാൻ സന്നദ്ധരായ സർവകലാശാലാ ജീവനക്കാർ, ഇതോടൊപ്പമുള്ള മാതൃകയിൽ സമ്മതപത്രം 31.08.2019 നോ അതിനു മുൻപോ ഇ. എൻ 1 സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ സമ്മതപത്രം അതത് സെക്ഷനുകളുടെ സെക്ഷൻ ഓഫീസർ, അസിസ്റ്റൻറ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, ജോയിന്റ് രജിസ്ട്രാർ എന്നിവർ കണ്ട് അംഗീകരിച്ചതായിരിക്കണം. കൂടാതെ, പരീക്ഷേതര വിഭാഗങ്ങളിലെ ജീവനക്കാരുടെ സമ്മതപത്രം അതത് വകുപ്പ് മേധാവിയും ഡിപ്പാർട്ട്മെന്റിലെ ജീവനക്കാരുടെ സമ്മതപത്രം അതത് ഡിപ്പാർട്ട്മെന്റ് തലവൻമാരും കണ്ട് അംഗീകരിച്ചതായിരിക്കണം.

(ഒപ്പ്)

അസിസ്റ്റന്റ് രജിസ്ട്രാർ 18
(പരീക്ഷാ വിഭാഗം)
പരീക്ഷാ കൺട്രോളർക്കു വേണ്ടി

പകർപ്പ്:
1. എല്ലാ സെക്ഷനുകളും, ഡിപ്പാർട്ട്മെന്റുകളും.
2. കണ്ടന്റ് മാനേജ്മെൻറ് സെക്ഷൻ.

Draft #1 of File 27590/EN 1/3/2019/EN 1 Approved by ASSISTANT REGISTRAR XVIII (EXAM) on 16-Aug-2019 04:34 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 27590/EN 1/3/2019/EN 1 Approved by ASSISTANT REGISTRAR XVIII (EXAM) on 16-Aug-2019 04:34 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സമ്മതപത്രം**

14.08.2019ലെ പരിപത്രം നം. 27590/EN 1/3/2019 പ്രകാരം 2019 സെപ്റ്റംബർ മുതൽ 2020 ഏപ്രിൽ വരെ സർവകലാശാല നടത്തുന്ന വിവിധ മൂല്യ നിർണയ ക്യാമ്പുകളുടെ ചുമതല വഹിക്കുന്നതിനുള്ള സമ്മത പത്രം.

1. പേര്
2. ഉദ്യോഗപ്പേര്
3. സെക്ഷൻ, വിഭാഗം
4. മൊബൈൽ നമ്പർ
5. സർവീസിൽ പ്രവേശിച്ച തീയതി
6. അടിസ്ഥാന ശമ്പളം
7. ഇപ്പോഴത്തെ താമസസ്ഥലം
8. പരീക്ഷാ വിഭാഗത്തിലെആകെ സേവന കാലം
9. ക്യാമ്പിൽ വഹിക്കാനാഗ്രഹിക്കുന്ന ചുമതല

- ക്യാമ്പ് ഓഫീസർ
- അസി. ക്യാമ്പ് ഓഫീസർ
- ക്യാമ്പ് അസിസ്റ്റന്റ്

**മേഖലാ ക്യാമ്പുകൾ**

1. അടിമാലി
2. കട്ടപ്പന
3. തൃപ്പൂണിത്തുറ
4. ആലുവ
5. മൂവാറ്റുപുഴ
6. കോഴഞ്ചേരി
7. പാലാ
8. കോട്ടയം
9. ചങ്ങനാശേരി

(ഒന്നാമത് താൽപര്യപ്പെടുന്ന ക്യാംപിനു നേരെ 1 എന്നും, പിന്നീട് താല്പര്യപ്പെടുന്നതിനു നേരെ 2 എന്ന ക്രമത്തിലും എഴുതി മുൻഗണന സൂചിപ്പിക്കുക)

**<u>സാക്ഷ്യപത്രം</u>**

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു. ക്യാമ്പിലേക്ക് നിയോഗിക്കപ്പെടുന്ന പക്ഷം ക്യാമ്പ് സംബന്ധമായ എല്ലാ നിബന്ധനകളും അനുസരിച്ചു കൊള്ളാമെന്നും മാതൃസെക്ഷനിലെ ജോലികൾ സമയബന്ധിതമായി നിർവഹിച്ചു കൊള്ളാമെന്നും, അതിനായി ആവശ്യമെങ്കിൽ ജോലി സമയത്തിനപ്പുറവും അവധി ദിവസങ്ങളിലും ജോലി ചെയ്തു കൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു. ക്യാമ്പിലേക്ക് നിയോഗിക്കപ്പെടുന്ന പക്ഷം ആരോഗ്യ കാരണങ്ങളാൽ അല്ലാതെ ക്യാമ്പിൽ നിന്നും പിൻമാറുകയില്ലെന്നും ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

പ്രിയദർശിനി ഹിൽസ്

തീയതി............................

അപേക്ഷകന്റെ ഒപ്പ്:

പേരും തസ്തികയും:

**അംഗീകരിച്ചിരിക്കുന്നു**

എസ്.ഒ എ.ആർ ഡി.ആർ ജെ.ആർ വകുപ്പ് മേധാവി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 27590/EN 1/3/2019/EN 1 Approved by ASSISTANT REGISTRAR XVIII (EXAM) on 16-Aug-2019 04:34 PM - Page 3